**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4690** **19-03-2025 - ൽ മറുപടിയ്ക്ക്**

**പുഴകളുടെ തീരങ്ങളിൽ കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിനുള്ള നിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പുഴകളുടെ തീരങ്ങളിൽ കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിനും അവയുടെ അതിർത്തിയിൽ സംരക്ഷണഭിത്തി കെട്ടുന്നതിനും ജലവിഭവ വകുപ്പ് എന്തെങ്കിലും തരത്തിലുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; ഇതുസംബന്ധിച്ച് എന്തെങ്കിലും ഉത്തരവുകളോ സർക്കുലറുകളോ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (എ) | ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയായി നിലകൊള്ളുന്ന പുഴയുടെ തീരങ്ങൾ കെട്ടി സംരക്ഷിക്കുന്നതിനുള്ള പുഴതീരസംരക്ഷണ പ്രവൃത്തികൾക്കാണ് ജലസേചനവകുപ്പ് മുൻഗണന നൽകുന്നത്. ജലസേചനവകുപ്പ് മുഖേനയല്ലാതെ ഇത്തരം പ്രവൃത്തികൾ നടത്തുമ്പോൾ ജലസേചനവകുപ്പിൽ നിന്നും മുൻകൂർ അനുമതി വാങ്ങേണ്ടതാണ്. പുഴയുടെ തീരങ്ങളിൽ കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിനും അവയുടെ അതിർത്തിയിൽ സംരക്ഷണഭിത്തി കെട്ടുന്നതിനായും നിലവിലെ വാട്ടർ കൺസർവേഷൻ ആക്റ്റ് അനുസരിച്ചും റവന്യൂ രേഖകൾ അനുസരിച്ചും അനുമതി നൽകുന്ന നടപടികൾ സ്വീകരിക്കാറുണ്ട്. പുഴയോരത്തെ ഫ്ലഡ് പ്ലെയിൻ ഏരിയക്കുള്ളിൽ കളിസ്ഥലനിർമ്മാണം, വെള്ളപ്പൊക്കത്തിന് കാരണമാകുന്നതിനാൽ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിന് നിയന്ത്രണമുണ്ട്. |

സെക്ഷൻ ഓഫീസർ